Anusandhan National Research Foundation

ANRF-PAIR

# ജനകീയ ബോധവത്കരണ ക്യാമ്പയിൻ




## ഫാറ്റി ലിവർ (Fatty Liver)

## പ്രമേഹം (Diabetes)



ഏറ്റുമാനൂർ കുടുംബാരോഗ്യ കേന്ദ്രം

**SEPTEMBER 19 2026**

## ദേശീയതല ശാസ്ത്രീയ ഗവേഷണപഠനത്തിന്റെ ഭാഗമാകാം

മഹാത്മാഗാന്ധി സർവ്വകലാശാല **(MGU),** കോട്ടയം, ഗവൺമെന്റ് മെഡിക്കൽ കോളേജ്, കോട്ടയം, ഏറ്റുമാനൂർ കുടുംബാരോഗ്യ കേന്ദ്രം എന്നിവയുടെ സഹകരണത്തോടെ, **ANRF-PAIR** ഗവേഷണപദ്ധതിയുടെ ഭാഗമായി ഫാറ്റി ലിവർ **(Fatty Liver)**, പ്രമേഹം **(Diabetes)** തുടങ്ങിയ ജീവിതശൈലീ രോഗങ്ങളെക്കുറിച്ചുള്ള **ജനകീയ ബോധവത്കരണ ക്യാമ്പയിൻ** സംഘടിപ്പിക്കുന്നു. ഏറ്റുമാനൂർ കുടുംബാരോഗ്യ കേന്ദ്രത്തിൽ ഈ വരുന്ന **സെപ്റ്റംബർ മാസം 19 തീയതി 11 മണിക്ക്** ബോധവൽക്കരണ ക്യാമ്പയിൻ നടത്താൻ തീരുമാനിച്ചിരിക്കുന്ന വിവരം ഏവരെയും അറിയിച്ചുകൊള്ളുന്നു. ഫാറ്റി ലിവർ, പ്രമേഹം തുടങ്ങിയ ജീവിതശൈലീരോഗങ്ങളുടെ കാരണങ്ങൾ, അപകടസാധ്യതകൾ, നേരത്തെയുള്ള രോഗനിർണയം, രോഗപുരോഗതി, പ്രതിരോധം എന്നിവയെക്കുറിച്ച് മനസ്സിലാക്കി തരുന്നതോടൊപ്പം രോഗ സാദ്ധ്യതകൾ,അസുഖം പിടിപെടാതിരിക്കാനുള്ള മുൻകരുതലുകൾ എന്നിവയെ പറ്റി പ്രഗത്ഭരായ ഡോക്ടർമാരുടെ നേതൃത്വത്തിൽ ആയിരിക്കും ക്ലാസുകൾ സംഘടിപ്പിക്കുക.

ശാസ്ത്രീയമായി പഠിക്കുന്ന ദേശീയതല ഗവേഷണപദ്ധതിയിൽ ഇന്ത്യയിലെ പ്രമുഖ ഗവേഷണ സ്ഥാപനങ്ങളോടൊപ്പം മഹാത്മാഗാന്ധി സർവ്വകലാശാല പ്രധാന പങ്കാളിയാണ്. ഈ പഠനത്തിന്റെ ഭാഗമായി രക്തസാമ്പിളുകൾ പരിശോധിച്ചു ഫാറ്റിലിവർ രോഗാവസ്ഥ നേരത്തെ കണ്ടുപിടിക്കാൻ പറ്റുന്ന സാങ്കേതിക പരിശോധന വികസിപ്പിക്കാനാണ് ലക്ഷ്യമിടുന്നത് . രോഗാവസ്ഥ സ്ഥിരീകിച്ചിട്ടുള്ളവർക്കും ഇല്ലാത്തവർക്കും, പരിശോധിച്ചിട്ടില്ലാത്തവർക്കും സൗജന്യമായി രക്ത പരിശോധനയും ഫൈബ്രോ സ്കാൻ പരിശോധനയും നടത്താൻ സൗകര്യം ഈ പഠനത്തിന്റെ ഭാഗമാകുന്നതോടു കൂടി ലഭ്യമാകുന്നതാണ്. യൂണിവേഴ്സിറ്റി മുഖാന്തരം അംഗീകൃത ലാബുകൾ മുഖേന ആയിരിക്കും പരിശോധന ഏർപ്പാടാക്കുന്നത്.

ഈ പഠനത്തിന്റെ ഭാഗമാകാൻ സന്നദ്ധരായവർ ദയവായി **6235616044** എന്ന നമ്പറിലേക്ക് **Whatsapp** മുഖേന താൽപര്യം അറിയിക്കണമെന്ന് അറിയിച്ചു കൊള്ളുന്നു.

**നിങ്ങളുടെ ആരോഗ്യത്തെക്കുറിച്ച് അറിയൂ. നേരത്തേ കണ്ടെത്തൂ. ശാസ്ത്രീയമായി പ്രതിരോധിക്കൂ**